"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രസിദ്ധീകൃത കൊല്ലം മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.1/2024/LSGD     തീയതി,തിരുവനന്തപുരം, 11-01-2024

---

പരാമർശം:-
1. 02.03.2023 -ലെ സ.ഉ.(കൈ.) നം. 63/2023/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ്
2. കൊല്ലം നഗരസഭ കൗൺസിലിന്റെ 19.10.2023 ലെ 46-ാം നമ്പർ കൗൺസിൽ തീരുമാനം
3. കൊല്ലം നഗരസഭ സെക്രട്ടറിയുടെ 14.11.2023 തീയതിയിലെ ടിപി6/2655/15 നമ്പർ കത്ത്.
4. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ന്റെ 06.12.2023 തീയതിയിലെ എൽ.എസ്.ജി.ഡി./പി.ഡി./21177/2023-ടിസിപിബി3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അമൃത് പദ്ധതിയിൻകീഴിൽ രൂപീകരിച്ച കൊല്ലം മാസ്റ്റർപ്ലാനിന് പരാമർശ ഉത്തരവ് പ്രകാരം സർക്കാർ പ്രസിദ്ധീകരണാനുമതി നൽകുകയും ആയത് ആക്ഷേപ-നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ട് നഗരസഭ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

2. പ്രസിദ്ധീകരിച്ച പ്രസ്തുത കരട് മാസ്റ്റർ പ്ലാനിന്മേൽ ലഭ്യമായ ആക്ഷേപ-നിർദ്ദേശങ്ങൾ പരിശോധിക്കുകയും, പരിഷ്കരിച്ച കൊല്ലം മാസ്റ്റർപ്ലാൻ അംഗീകരിച്ചു സർക്കാരിലേയ്ക്ക് സമർപ്പിക്കുവാനുള്ള കൊല്ലം നഗരസഭ കൗൺസിലിന്റെ പരാമർശം (2) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം മാസ്റ്റർപ്ലാൻ, പരാമർശം (3) പ്രകാരം നഗരസഭാ സെക്രട്ടറി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3. 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ നിയമം വകുപ്പ് 36(7) പ്രകാരം, ബന്ധപ്പെട്ട നഗരസഭ, 36(6) പ്രകാരമുള്ള സ്പെഷ്യൽ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ച തീയതി മുതൽ, കഴിയുന്നതും അറുപതു ദിവസത്തിനകം, ആക്ഷേപങ്ങളും അഭിപ്രായങ്ങളും ആയതിന്മേലുള്ള സ്പെഷ്യൽ കമ്മിറ്റിയുടെ റിപ്പോർട്ടും പരിഗണിക്കേണ്ടതും, ആവശ്യമെന്നു കരുതാവുന്ന പ്രകാരം മാസ്റ്റർ പ്ലാൻ പരിഷ്കരിക്കാവുന്നതും, മുനിസിപ്പൽ കോർപ്പറേഷൻ പാസ്സാക്കുകയോ സ്വീകരിക്കുകയോ ചെയ്തു പ്രകാരമുള്ള മാസ്റ്റർ പ്ലാൻ, അനുബന്ധ രേഖകൾ സഹിതം മുഖ്യനഗരാസൂത്രകൻ മുഖേന അനുമതിയ്മായി സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ, കേരള നഗര-

ഗ്രാമാസൂത്രണ നിയമം വകുപ്പ് 36(7) പ്രകാരമുള്ള സമയപരിധി പാലിച്ചിട്ടില്ലാത്തതാണ്. പ്രസിദ്ധീകൃത കൊല്ലം മാസ്റ്റർപ്ലാനിന്മേൽ, കേരള നഗരഗ്രാമാസൂത്രണ നിയമം വകുപ്പ് 36 പ്രകാരമുള്ള നടപടികൾ പൂർത്തിയാകുന്നതിനു വന്ന കാലതാമസം, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(11) പ്രകാരം ദീർഘിപ്പിച്ചു നൽകിക്കൊണ്ട് സാധൂകരിക്കാവുന്നതാണെന്ന് പരമാർശം (4) പ്രകാരം മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ശിപാർശ ചെയ്തിട്ടുണ്ട്. അതോടൊപ്പം, അമൃത് പദ്ധതി പ്രകാരം, കൊല്ലം നഗരസഭയ്ക്കായി തയ്യാറാക്കിയ കൊല്ലം മാസ്റ്റർപ്ലാനിന്, ആയതു അംഗീകരിക്കുവാനുള്ള കൊല്ലം നഗരസഭയുടെ ശിപാർശ പരിഗണിച്ചു കൊണ്ട്, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് വകുപ്പ് 36(8), കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നല്കലും) ചട്ടങ്ങൾ 2021-ലെ ചട്ടം 22, എന്നിവ പ്രകാരം അനുമതി നൽകാവുന്നതാണെന്നും മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരമുള്ള കൊല്ലം നഗരസഭ കൗൺസിലിന്റെ തീരുമാനം, പരാമർശം (4) പ്രകാരമുള്ള മുഖ്യനഗരാസൂത്രകന്റെ ശിപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ, പ്രസിദ്ധീകൃത കൊല്ലം മാസ്റ്റർപ്ലാനിന്മേൽ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(7) പ്രകാരമുള്ള നടപടികൾ പൂർത്തിയാകുന്നതിനു വന്ന കാലതാമസം, ആക്ടിന്റെ വകുപ്പ് 36(11) പ്രകാരം ദീർഘിപ്പിച്ചു നല്കി സാധൂകരിച്ചുകൊണ്ട്, പ്രസിദ്ധീകൃത കൊല്ലം മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(8) പ്രകാരം അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
ജില്ലാ നഗരാസൂത്രകൻ, കൊല്ലം
സെക്രട്ടറി, കൊല്ലം നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.,
വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
Date: 11-01-2024 14:32:00
സെക്ഷൻ ഓഫീസർ